അയ്യമ്പള്ളി സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ

102 (791) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യമ്പിള്ളി സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ജില്ലാ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രിയുടെ നിലവിലുള്ള കെട്ടിടങ്ങളുടെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലബോറട്ടറി നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്ക് 15.5 ലക്ഷം രൂപയും (ഐ.സി.എ.ഡി.പി.) പുതിയ ഐ.പി. കെട്ടിടം നിർമ്മിക്കുന്നതിന് 1,91,35,000 രൂപയും (നബാർഡ്) അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി)
1. പ്രധാന കെട്ടിടം - 100 വർഷത്തിലേറെ പഴക്കം
2. ആണുങ്ങളുടെ വാർഡ് - 78 വർഷം പഴക്കം
3. പെണ്ണുങ്ങളുടെ വാർഡ് - 68 വർഷം പഴക്കം
4. ആഫീസ് ഒ.പി. കെട്ടിടം- 5 വർഷം പഴക്കം

മനോരോഗികളെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം

103 (792) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനോരോഗികളെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന അറിയിക്കുമോ :

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മനോരോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി.) സാമൂഹ്യ മാനസികാരോഗ്യ പരിപാടി (സി.എം.എച്ച്.പി.) എന്നിവയാണ് നിലവിലുള്ള പ്രധാന മാനസികാരോഗ്യ പരിപാടികൾ. ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും തുടർന്നുവരികയും ചെയ്യുന്നു. രോഗവിമുക്തി നേടിയ മനോരോഗികളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡേ-കെയർ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ/സാമൂഹ്യ മാനസികാരോഗ്യ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ജില്ലാ മാനസികാരോഗ്യ പരിപാടിയും മുടക്കമില്ലാതെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൂടാതെ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടിയും നടപ്പിലാക്കിക്കഴിഞ്ഞു. പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സാമൂഹ്യ മാനസികാരോഗ്യ പരിപാടി തുടരുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും നോഡൽ സെന്ററുകളും, നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിന്റെ ശോചനീയാവസ്ഥ

104 (793) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകളും നടപ്പാതകളും പ്രകാശിക്കാത്ത വൈദ്യുതി വിളക്കുകളും മലിനജലം ഒഴുകിപ്പോകാത്ത ഓടകളും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.